Draft #7 of File 181636/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 28-Oct-2022 11:44 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവകലാശാല പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്- 2022-23 വിജ്ഞാപനം- മെന്ററുടെ യോഗ്യതയിൽ ഇളവുകൾ വരുത്തി സോഷ്യൽ സയൻസ് വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കുവാൻ 31.10.2022 വരെ സമയം അനുവദിച്ച്- ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 10931/AC A 6/2022/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 28.10.2022

---

*പരാമർശം:*-1. 30.08.2022 തീയതിയിലെ വിജ്ഞാപനം നമ്പർ 181636/ACA6-2/2021/ACA6

2. 19.10.2022 തീയതിയിലെ സർവകലാശാല ഉത്തരവ് നമ്പർ 10635/ACA6/2022/എം.ജി.യു

**ഉത്തരവ്**

സൂചന (1) പ്രകാരം, സർവകലാശാല പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിൽ, അപേക്ഷകരുടെ മെന്റർ കുറഞ്ഞത് 3 പി. എച്ച്.ഡി എങ്കിലും പ്രൊഡ്യൂസ് ചെയ്തിരിക്കണം എന്ന് നിഷ്കർഷിച്ചിരുന്നു . എന്നാൽ, സോഷ്യൽ സയൻസ് വിഷയങ്ങളിൽ പ്രസ്തുത യോഗ്യതയുള്ള മെന്റർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടതിനാൽ, മെന്റർമാരുടെ യോഗ്യതയിൽ ഇളവുവരുത്തി , മൂന്ന് ഗവേഷണപ്രബന്ധങ്ങൾ സമർപ്പിക്കണമെന്ന വ്യവസ്ഥ മാറ്റി "ഗവേഷണ മാർഗ്ഗദർശന പരിചയം" യോഗ്യതയായി പരിഗണിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

ആയതിനാൽ, മുകൾ സൂചന ഉത്തരവ് (2) ന്റെ പരിധിയിൽ വരുന്ന ഗവേഷക വിദ്യാർത്ഥികൾക്ക്, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് അപേക്ഷ സമർപ്പിക്കുവാൻ 31.10.2022 വരെ, സമയം അനുവദിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. PS to VC/PVC
2. PA to Registrar / FO

3. എല്ലാ വകുപ്പ് തലവന്മാർക്കും

4. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്

5. പി.ആർ.ഒ

ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #7 of File 181636/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 28-Oct-2022 11:44 AM - Page 2